**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3401** **14-07-2022 - ൽ മറുപടിയ്ക്ക്**

**തരിശുഭൂമിയിൽ കൃഷി ഇറക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി ഭൂമിയിൽ കൃഷി ഇറക്കാതെ തരിശുഭൂമിയാക്കി വെക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | തരിശു ഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കപ്പെടുന്നതിനും, സുരക്ഷിതമായ ഭക്ഷണമാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം എന്നും മനസിലാക്കി ഓരോ കേരളീയനും കൃഷിയിലേക്കിറങ്ങണം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ബൃഹത് പദ്ധതി 2022 -23 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കൂടുതൽ തരിശ് നിലങ്ങളിൽ പരാമാവധി കൃഷിയിറക്കി ഭക്ഷ്യ വിളകളുടെ വിസ്തൃതി ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2020 ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് 'സുഭിക്ഷകേരളം'. കോവിഡ് 19 മഹാമാരിയുടെ കാലത്തു ഭക്ഷ്യ ദൗർലഭ്യം നേരിടാനുള്ള സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ഇടപെടലായിരുന്നു. കൃഷി യോഗ്യമായ തരിശുനിലങ്ങളിൽ നെല്ല്, പച്ചക്കറികൾ, ഫലവർഗ്ഗ വിളകൾ, കിഴങ്ങു വർഗ്ഗങ്ങൾ, പയറു വർഗ്ഗങ്ങൾ, ചെറു ധാന്യങ്ങൾ എന്നീ വിളകൾ കൃഷി ചെയ്യിക്കുക എന്നുള്ളത്. ഓരോ വർഷവും 25,000 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2020-2021 സാമ്പത്തിക വർഷത്തിൽ 22,847 ഹെക്ടറും 2021-2022 സാമ്പത്തിക വർഷത്തിൽ 23,010 ഹെക്ടർ സ്ഥലത്തും തരിശ്ശില കൃഷി നടപ്പിലാക്കിയിട്ടുണ്ട്. വിളതിരിച്ചുള്ള തരിശ് കൃഷിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനമൊട്ടാകെ, നെൽവയലുകൾ തരിശാക്കിയിടുന്നത് തടയാൻ നിലവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2008 വകുപ്പ് (15) പ്രകാരം സമിതിയ്ക്ക് (പ്രാദേശിക നിരീക്ഷണ സമിതി), കൃഷി ഇറക്കാതെ തരിശ് |

| | | | |
|---|---|---|---|
| | | | ഇട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ, മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാവുന്നതിന് നിർദ്ദേശം നൽകാൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>തരിശാക്കിയിടുന്ന നെൽവയലുകൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് കൃഷിചെയ്യിപ്പിക്കുന്നതിനു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2008 വകുപ്പ് (16) പ്രകാരം വ്യവസ്ഥ നിലവിലുണ്ട്. കൂടാതെ നെൽവയലുകൾ തരിശ്ശിടുന്ന പ്രവണത അവസാനിപ്പിക്കാനും നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് തരിശ് നിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന്, ഹെക്ടർ ഒന്നിന്, 35000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും ഉൾപ്പടെ ആകെ 40000 രൂപയുടെ ആനുകൂല്യം നൽകി വരുന്നുണ്ട്. നെൽകൃഷി ചെയ്യാവുന്ന നെൽവയലുകൾ രൂപ മാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്ക് പ്രതിവർഷം ഹെക്ടറിന് 2000രൂപ നിരക്കിൽ റോയൽറ്റിയും കൃഷി വകുപ്പ് 2020-21 മുതൽ അനുവദിച്ചു വരുന്നു. 2022-23 വർഷം മുതൽ റോയൽറ്റി തുക ഹെക്ടറിന് 3000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ നെല്ല് ഉല്പാദന ബോണസായി ഒരു സീസണിൽ ഒരു ഹെക്ടർ നെൽ കൃഷി ചെയ്യുന്നതിന് 1000 രൂപ എന്ന തോതിൽ കൃഷി വകുപ്പ് നൽകി വരുന്നുണ്ട്. |
| (ബി) | നാദാപുരം മണ്ഡലത്തിൽ ഗ്രാമ പഞ്ചായത്ത് വാർഡ് തിരിച്ച് തരിശു ഭൂമിയുടെ കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കാമോ? | (ബി) | നാദാപുരം മണ്ഡലത്തിൽ ഗ്രാമ പഞ്ചായത്ത് വാർഡ് തിരിച്ച് തരിശ് ഭൂമിയുടെ കണക്കെടുപ്പ് നടത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ<br><br>നം. | ഇനം | വിസ്തീർണ്ണം<br><br>(ഹെക്ടർ) | വിസ്തീർണ്ണം<br><br>(ഹെക്ടർ) |
|---|---|---|---|
| | | 2020-21 | 2021-22 |
| 1 | നെല്ല് | 9,070 | 4,431 |
| 2 | പച്ചക്കറി | 4,527 | 4,576 |
| 3 | ഫലവർഗ്ഗവിളകൾ | 3,381 | 4,839 |
| 4 | കിഴങ്ങ് വർഗ്ഗങ്ങൾ/പയർ വർഗ്ഗ വിളകൾ | 5,544 | 4,858 |
| 5 | ചെറു ധാന്യവിളകൾ | 325 | 410 |
| 6 | മറ്റു വിളകൾ | 0 | 3,896 |
| **ആകെ** | | **22,847** | **23,010** |

# അനുബന്ധം

| കൃഷി ഭവന്റെ പേര് | വാർഡ് | ഏരിയ |
|---|---|---|
| കാവിലുംപാറ | 1 | 1 ഏക്കർ |
| | 2 | 1 ഏക്കർ |
| | 7 | 1.5 ഏക്കർ |
| | 11 | 1 ഏക്കർ |
| | 12 | 1.5 ഏക്കർ |
| മരുതോങ്കര | 4 | 3 ഹെ. (പാടശേഖരം തരിശ്) |
| | 12 | |
| കായക്കൊടി | 6 | 1 ഏക്കർ |
| | 14 | 1 ഏക്കർ |
| നരിപ്പറ്റ | 1 | 0.85 ഹെ. |
| | 2 | 2.3 ഹെ. |
| | 5 | 1.89 ഹെ. |
| | 7 | 0.36 ഹെ. |
| | 8 | 1.32 ഹെ. |
| | 12 | 1.07 ഹെ. |
| | 13 | 1.65 ഹെ. |
| | 14 | 1.17 ഹെ. |
| | 15 | 1.1 ഹെ. |
| | 16 | 0.86 ഹെ. |
| എടച്ചേരി | 2 | 5.72 ഹെ. |
| | 3 | 1.156 ഹെ. |
| | 4 | 2.5 ഹെ. |
| | 5 | 1.12 ഹെ. |
| | 7 | 2 ഹെ. |
| | 8 | 2.3 ഹെ. |
| | 9 | 0.1 ഹെ. |
| | 14 | 3 ഹെ. |
| | 15 | 3 ഹെ. |
| തൂണേരി | 1 | 0.228 ഹെ. |
| | 2 | 0.144 ഹെ. |

| | | |
|---|---|---|
| | 3 | 0.118 ഹെ. |
| | 4 | 0.071 ഹെ. |
| | 5 | 0.502 ഹെ. |
| | 6 | 0.32 ഹെ. |
| | 7 | 1.112 ഹെ. |
| | 8 | 1.23 ഹെ. |
| | 9 | 1.03 ഹെ. |
| | 10 | 1.48 ഹെ. |
| | 11 | 1.01 ഹെ. |
| | 12 | 0.71 ഹെ. |
| | 13 | 0.09 ഹെ. |
| | 14 | 0.083 ഹെ. |
| | 15 | 0.0116 ഹെ. |
| വാണിമേൽ | 3 | 3 ഹെ. |
| | 8 | 4.2 ഹെ. |
| | 11 | 1 ഹെ. |
| നാദാപുരം | 1 | 0.3 ഹെ. |
| | 2 | 0.3 ഹെ. |
| | 3 | 0.3 ഹെ. |
| | 4 | 0.4 ഹെ. |
| | 5 | 0.5 ഹെ. |
| | 6 | 0.5 ഹെ. |
| | 7 | 0.5 ഹെ. |
| | 8 | 0.2 ഹെ. |
| | 9 | 0.25 ഹെ. |
| | 10 | 0.25 ഹെ. |
| | 11 | 1.58 ഹെ. |
| | 12 | 1.1 ഹെ. |
| | 13 | 1.3 ഹെ. |
| | 14 | 1.5 ഹെ. |
| | 15 | 0.7 ഹെ. |
| | 16 | 1.5 ഹെ. |
| | 17 | 0.3 ഹെ. |
| | 18 | 0.01 ഹെ. |
| | 19 | 0.25 ഹെ. |
| | 20 | 0.15 ഹെ. |
| | 21 | 0.01 ഹെ. |

| | | |
|---|---|---|
| | 22 | 0.01 ഹെ. |
| വളയം | 1 | 1.2 ഹെ. |
| | 2 | 1.3 ഹെ. |
| | 3 | 1.4 ഹെ. |
| | 4 | 2.2 ഹെ. |
| | 5 | 1.4 ഹെ. |
| | 6 | 1.4 ഹെ. |
| | 7 | 1.3 ഹെ. |
| | 8 | 1.3 ഹെ. |
| | 9 | 1.1 ഹെ. |
| | 10 | 0.4 ഹെ. |
| | 11 | 0.3 ഹെ. |
| | 12 | 0.3 ഹെ. |
| | 13 | 0.4 ഹെ. |
| | 14 | 1.2 ഹെ. |
| ചെക്യാട് | 1 | 0.6 ഹെ. |
| | 2 | 0.7 ഹെ. |
| | 3 | 0.3 ഹെ. |
| | 4 | 0.3 ഹെ. |
| | 5 | 0.35 ഹെ. |
| | 6 | 0.65 ഹെ. |
| | 7 | 0.6 ഹെ. |
| | 8 | 0.7 ഹെ. |
| | 9 | 0.6 ഹെ. |
| | 10 | 0.45 ഹെ. |
| | 11 | 0.65 ഹെ. |
| | 12 | 0.55 ഹെ. |
| | 13 | 0.65 ഹെ. |
| | 14 | 0.7 ഹെ. |
| | 15 | 0.7 ഹെ. |